**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **05.03.2020-ൽ മറുപടിക്ക്**

**ചോദ്യം നം. 1244**

**കടലിൽ പ്ലാസ്റ്റിക് ഉപേക്ഷിക്കുന്നത് മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ**

**ചോദ്യം** **ഉത്തരം**

| | | | |
|---|---|---|---|
| | **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**,, അനൂപ് ജേക്കബ്**<br>**,, അനിൽ അക്കര**<br>**,, വി.പി.സജീന്ദ്രൻ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
| (എ) | കടലിൽ യാതൊരു നിയന്ത്രണവുമില്ലാതെ പ്ലാസ്റ്റിക് ഉപേക്ഷിക്കുന്നത് മൂലമുള്ള ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | കേരള തീരത്ത് നിന്നും പിടിക്കുന്ന മത്സ്യങ്ങളിൽ പ്ലാസ്റ്റിക്കിന്റെ അംശം ഗണ്യമായ തോതിൽ കണ്ടെത്തിയെന്ന റിപ്പോർട്ടുകൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്യുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | സമുദ്രത്തിൽ നിന്നും പ്ലാസ്റ്റിക് നീക്കം ചെയ്യുന്നതിനായി നീണ്ടകരയിൽ മത്സ്യത്തൊഴിലാളി പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ശുചിത്വ നഗരം പദ്ധതി വിജയപ്രദമാണോയെന്ന് അറിയിക്കാമോ; | (സി) | കടലിന്റെ അടിത്തട്ടിൽ അടിഞ്ഞു കൂടിയ പ്ലാസ്റ്റിക്കുകൾ കടലിൽ നിന്നും ശേഖരിച്ച് ഹാർബറുകളിൽ എത്തിച്ച് സംസ്കരിക്കുന്നതിനായി ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ്, സംസ്ഥാന ശുചിത്വ മിഷൻ, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള NETFISH എന്നിവ ചേർന്ന് ബോട്ട് ഓണേഴ്സ് അസോസിയേഷന്റെ സഹകരണത്തോടെ കൊല്ലം ജില്ലയിലെ നീണ്ടകര ഹാർബറിൽ നടപ്പിലാക്കി വരുന്ന ശുചിത്വ സാഗരം പദ്ധതി വിജയപ്രദമാണ്. |
| (ഡി) | പ്രസ്തുത പദ്ധതി കൂടുതൽ തുറമുഖങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ, വിശദമാക്കാമോ; | (ഡി) | ഉണ്ട്. നിലവിൽ ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ നീണ്ടകരയിൽ പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആലപ്പുഴ, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ തുറമുഖങ്ങളിൽ ഈ പദ്ധതി ആവിഷ്കരിക്കാൻ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | കടലിൽ നിന്നും നീക്കം ചെയ്യുന്ന പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് ഡീസൽ ഉല്പാദിപ്പിച്ച് മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (ഇ) | കടലിൽ നിന്നും ലഭിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് ഡീസൽ ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിശോധനയിലാണ്. |

**സെക്ഷൻ ഓഫീസർ**